# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 342** **15.03.2017-ൽ മറുപടിയ്ക്ക്**

**ചരക്ക് സേവന നികുതി**

| | ചോദ്യം<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. മുഹമ്മദ് മുഹസിൻ.പി.<br>ശ്രീ. കെ.രാജൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ചരക്ക് സേവന നികുതി സംസ്ഥാനത്തെ ലോട്ടറി മേഖലയെ ഏത് തരത്തിലാണ് ബാധിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | ഭരണഘടനയുടെ 101-ാം ഭേദഗതിയിലൂടെ ദേശവ്യാപകമായി ഏകീകൃത നികുതി സമ്പ്രദായം (Goods and Service Act) നിലവിൽ വരുന്നതോടുകൂടി Kerala Tax on Paper Lotteries Act 2005 GST യിൽ ലയിക്കുകയും പ്രസ്തുത ആക്റ്റ് കാലഹരണപ്പെടുകയും ചെയ്യും.<br><br>സംസ്ഥാന ലോട്ടറി കേന്ദ്ര ലോട്ടറി നിയമത്തിന് വിധേയമായാണ് സംഘടിപ്പിക്കപ്പെടുന്നതെന്ന് ഉറപ്പ് വരുത്തുവാൻ സംസ്ഥാന സർക്കാരിനുള്ള ഒരു ഉപാധി ഈ നിയമമാണ്. പ്രസ്തുത നിയമം ഇല്ലാതാകുന്നത് അതീവ ഗൗരവമുള്ള സാഹചര്യമാണ്. |
| (ബി) | ചരക്ക് സേവന നികുതി നടപ്പിൽ വരുമ്പോൾ സംസ്ഥാനത്ത് നിരോധിച്ച ലോട്ടറികൾ തിരികെ വരുന്ന സാഹചര്യമുണ്ടാകുമോ; | (ബി)<br>&<br>(ഡി) | ഈ സാഹചര്യം ഒഴിവാക്കുന്നതിനായി സംസ്ഥാന നിയമസഭയുടെ നിയമ നിർമ്മാണ അധികാരപരിധിയിൽ നിന്നു കൊണ്ടുള്ള ഒരു പുതിയ നിയമ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | ലോട്ടറി മേഖലയെ ഈ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | | |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന ലോട്ടറിയെ സേവന നികുതിയിൽ നിന്ന് ഒഴിവാക്കിക്കിട്ടുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | നിലവിൽ ലോട്ടറി ടിക്കറ്റുകൾക്ക് കോമ്പൌണ്ടിംഗ് സമ്പ്രദായത്തിലൂടെ (number of tickets printed X face value / 10 lakh) X 12,800) സേവന നികുതി കണക്കാക്കി സെസ് തുക കൂടി ചേർത്ത് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്, സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് മുഖേന സർവ്വീസ് ടാക്സ് ഒടുക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ ഇതിലേക്കായി ഏജന്റുമാരിൽ നിന്നും ടിക്കറ്റുകളുടെ ആകെ മുഖവിലയുടെ 1.6% സേവന നികുതി ഇനത്തിൽ ഈടാക്കി വരുന്നുണ്ട്. 500/-, 1000/- രൂപയുടെ നോട്ടുകൾ കേന്ദ്രസർക്കാർ നിരോധിച്ച സാഹചര്യത്തിൽ ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനയിൽ വൻ ഇടിവ് ഉണ്ടായി. ഈ സാഹചര്യത്തിൽ ടിക്കറ്റ് വിൽപ്പന നടത്തുന്ന ഏജന്റുമാർക്ക് വൻ സാമ്പത്തിക നഷ്ടം ഉണ്ടായി. ആയതിനാൽ ഡിമോണിറ്റൈസേഷൻ കാലയളവിലെ ലോട്ടറി ടിക്കറ്റിന്മേലുള്ള സേവന നികുതി ഒഴിവാക്കി തരണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

Jayanth

സെക്ഷൻ ഓഫീസർ.